# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 294 | 30.11.2015-ൽ മറുപടിയ്ക്ക്

## വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ

**ചോദ്യം**

ശ്രീ.സാജു പോൾ
ശ്രീ.ബാബു എം. പാലിശ്ശേരി
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) കുറ്റകൃത്യങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിക്കുകയുണ്ടായിട്ടുണ്ടോ ;

(എ) പരിശോധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ യഥാസമയം കേസ് രജിസ്റ്റർ ചെയ്യുന്നതിൽ പോലീസ് കാണിക്കുന്ന സത്യസന്ധതയും, സ്റ്റേഷൻ പരിധികളിൽ നടക്കുന്ന മറ്റ് കുറ്റകൃത്യങ്ങളിൻമേൽ പോലീസ് സ്വമേധയാ കേസുകൾ എടുക്കുന്നതുമാണ് കേരളത്തിൽ കുറ്റകൃത്യങ്ങളുടെ എണ്ണം പെരുകുവാനുള്ള കാരണം.

(ബി) ക്രമസമാധാനത്തിനു വെല്ലുവിളിയായി ഉയർന്നുവന്ന ഘടകങ്ങൾ എന്തെല്ലാമാണ് ;

(ബി) പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനംമൂലം ക്രമസമാധാന രംഗത്ത് വെല്ലുവിളി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ആക്രമണങ്ങളും വർഗ്ഗീയ സംഘട്ടനങ്ങളും വർദ്ധിച്ചിട്ടുള്ളതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗവും ഇന്റർനെറ്റിന്റെ അമിത ഉപയോഗവും അതുവഴി പ്രചരിപ്പിക്കപ്പെടുന്ന അശ്ലീല ചിത്രങ്ങളും മറ്റും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾക്ക് കാരണമാകുന്നുണ്ട്. എന്നിരുന്നാലും സ്ത്രീ ശാക്തീകരണ യൂണിറ്റുകളുടെ സഹായത്തോടെ സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തിയും, സ്കൂൾ-കോളേജ് തലങ്ങളിൽ ബോധവൽക്കരണം നടത്തിയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ വളരെയധികം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വർഗ്ഗീയ സംഘട്ടനങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇന്ത്യൻ പീനൽ കോഡ് പ്രകാരം സംസ്ഥാനത്ത് 2010-ൽ രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസുകളും 2014-15 ലും 2015-16 ലും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളും തമ്മിൽ താരതമ്യം ചെയ്ത് വിശദമാക്കാമോ ?

(ഡി) ഇന്ത്യൻ പീനൽ കോഡ് പ്രകാരം 2010 മുതൽ 15.11.2015 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | കേസുകളുടെ എണ്ണം |
|---|---|
| 2010 | 1,48,313 |
| 2011 | 1,72,137 |
| 2012 | 1,58,989 |
| 2013 | 1,76,334 |
| 2014 | 2,06,789 |
| 2015 (15.11.2015 വരെ) | 2,20,130 |

സെക്ഷൻ ഓഫീസർ